• കയറിനും കയറുല്പന്നങ്ങൾക്കും പരമാവധി വിപണി ലക്ഷ്യമിട്ടു കൊണ്ട് 2010 ഓണക്കാലയളവിൽ 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

• കയർ തൊഴിലാളികൾക്ക് വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

• തൊണ്ടു സംഭരണ പദ്ധതി, ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കലും പുനരുദ്ധാരണവും തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം

51 (4106) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈവിദ്ധ്യവൽക്കരണത്തിലൂടെ കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ചകിരിനാരിൽ നിന്നും കാഷ്ടൽ വെയർ ആഭരണങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ ഹോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് കയർ പിത്ത് ഉപയോഗിച്ച് നിർമ്മിക്കുന്ന ചപ്പൽ, ഉയർന്ന റണ്ണേജുള്ള കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ബാഗ് എന്നിവ നിർമ്മിച്ച് വിപണനം ചെയ്തുവരുന്നു. ഇതിനുപുറമെ ഹോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറി, കയർ ഫെഡിന്റെ ആഭിമുഖ്യത്തിൽ പിവിസി ടഫ്റ്റഡ് ഫാക്ടറി എന്നിവ നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ യാഥാർത്ഥ്യമാകുന്നതോടെ കൂടുതൽ വിപണനം സാദ്ധ്യമാകുന്നതാണ്.

(ബി) ചകിരിനാരിൽ നിന്നും ആഭരണങ്ങൾ നിർമ്മിച്ചു നൽകുന്നുണ്ട്. എൻ.സി.ആർ.എം.ഐ-യേയും ഹോംമാറ്റിംഗ്സിനെയും ചുമതലപ്പെടുത്തി ആഭരണങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ ഫർണിഷിംഗിന് കയറുല്പന്നങ്ങൾ

52 (4107) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ സ്ഥാപനങ്ങളുടെ ഫർണിഷിംഗ് പ്രവൃത്തികളിൽ കയറുല്പന്നങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആലപ്പുഴ നഗരത്തിൽ ജോലി ചെയ്യുന്ന കയർ തൊഴിലാളികൾ

53 (4108) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ രംഗത്ത് ആലപ്പുഴ നഗരത്തിൽ സർക്കാർ, സഹകരണ, സ്വകാര്യ മേഖലയിൽ എത്ര വീതം തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്ത്രീ തൊഴിലാളികൾക്ക് കയർ പിരിയന്ത്രത്തിന്റെ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ മേഖല - 376

സഹകരണ മേഖല - 2158

സ്വകാര്യ മേഖല - 8649

(ബി) സ്ത്രീ തൊഴിലാളികൾക്ക് കയർ തൊഴിവാളി ക്ഷേമനിധി ബോർഡ്, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം പരിശീലനം നൽകിവരുന്നു.

ചെറുകിട കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

54 (4109) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നാമമാത്രമായി പ്രവൃത്തിക്കുന്നതും, നിർജ്ജീവാവസ്ഥയിലുമുള്ള ചെറുകിട കയർ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2006-07 മുതൽ നടപ്പിലാക്കിവരുന്ന പുനരുദ്ധാരണ പദ്ധതി പ്രകാരം ചെറുകിട ഉൽപ്പാദക സംഘങ്ങൾ ഉൾപ്പെടെയുള്ളവയെ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. ഇതുപ്രകാരം ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി പരമാവധി 5 ലക്ഷം രൂപയും സ്ഥിരമൂലധനമായി പരമാവധി 2.50 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 505 സംഘങ്ങൾക്ക് (കയർ പിരി സംഘങ്ങൾ, ഡീഫൈബറിംഗ് സംഘങ്ങൾ) 2382.69 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly